പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 582 11 -06-2013-ൽ മറുപടിക്ക്

## കുട്ടികൾക്ക് നിയമസഹായം നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ<br>,, ആർ.സെൽവരാജ്<br>,, എം.പി.വിൻ സെന്റ്<br>,, ലൂഡി ലൂയിസ് | ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കുട്ടികൾക്ക് വേണ്ടിയുള്ള നിയമ സഹായം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; | ഉണ്ട്. 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് വകുപ്പ് 12 (സി) പ്രകാരം കുട്ടികൾ സൗജന്യ നിയമ സഹായത്തിന് അർഹതയുള്ള വിഭാഗമാണ്.<br><br>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും അനുബന്ധസ്ഥാപനങ്ങളായ ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ മുതലായ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ കാലാകാലങ്ങളായി കുട്ടികൾക്ക് നിയമ പരിരക്ഷയും സൗജന്യ നിയമ സഹായവും നൽകി വരുന്നു. കുട്ടികൾക്കുള്ള നിയമ സഹായ പദ്ധതി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 'Sampurna Behrua Vs. Union of India & Others' എന്ന കേസിൽ സുപ്രീം കോടതിയുടെ നിർദ്ദേശ |

| | | |
|---|---|---|
| | | പ്രകാരം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി പോലീസ് സ്റ്റേഷനുകളിലെ ജുവനൈൽ വെൽഫെയർ ഓഫീസർമാർക്കായി പ്രത്യേക പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കൂടാതെ, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം, ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000 അനുസരിച്ചുള്ള സംസ്ഥാനത്തെ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക മന്ദിരങ്ങളുടെ പ്രവർത്തനം വിലയിരുത്തണമെന്ന് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതനുസരിച്ച് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി കുട്ടികൾക്കുവേണ്ടി നിയമ സഹായത്തിന് അഭിഭാഷകരുടെ പ്രത്യേക പാനൽ രൂപീകരിച്ചിട്ടുള്ളതും അവർക്ക് ജുവനൈൽ ജൂറിസ്പ്രൂഡൻസ്, ചൈൽഡ് സൈക്കോളജി ആന്റ് ബിഹേവിയറൽ സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകിവരുന്നതുമാണ്.<br><br>കൂടാതെ, ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെയും കെൽസയുടെ എക്സിക്യൂട്ടീവ് ചെയർമാന്റെയും പ്രത്യേക നിർദ്ദേശാനുസരണം കുട്ടികളുടെ മാനസികാ |

| | | |
|---|---|---|
| | | രോഗ്യവും മാനസിക നിലവാരവും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിലും ഒബ്സർവേഷൻ ഹോമുകളിലും സൈക്കോളജിസ്റ്റ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരടങ്ങുന്ന കെൽസയുടെ ഒരു സംഘം കൗൺസലിംഗ് നടത്തി വരുന്നു. നിലവിൽ പ്രസ്തുത സംഘം എല്ലാ ജില്ലകളിലെയും ജുവനൈൽ ഹോമുകളിലും ഒബ്സർവേഷൻ ഹോമുകളിലും കൗൺസലിംഗ് പുർത്തിയാക്കിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാനത്തെ ഓരോ ജില്ലയിലും ശിശു സംരക്ഷണ സമിതികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പ്രവർത്തിച്ചു വരുന്നതു കൂടാതെ, കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ബാലാവകാശ കമ്മീഷനും സംസ്ഥാന ബാലാവകാശ നിയമത്തിനും രൂപം നൽകുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നുമുണ്ട്. ബാലാവകാശ കമ്മീഷൻ ചട്ടങ്ങൾ രൂപീകരിക്കുകയും കമ്മീഷൻ ചെയർ പേഴ്സൺ, മെമ്പർമാർ എന്നിവരുടെ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ശ്രീമതി നീലാ ഗംഗാധരൻ ഐ.എ.എസ് (റിട്ട.)നെ ബാലാവകാശ കമ്മീഷൻ ചെയർ പേഴ്സൺ ആയി നിയമിച്ചുകൊണ്ട് 23.05.2013-ലെ ജി.ഒ (പി) നമ്പർ 44/2013/എസ്.ജെ.ഡി പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി കമ്മീഷൻ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | നിയമത്തിന്റെ മുന്നിൽ വരുന്ന കുട്ടികളിൽ തന്നെ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർ, നിയമ ലംഘനം നടത്തിയവർ എന്നീ രണ്ട് വിഭാഗങ്ങളാണ് ഉള്ളത്. ആയതിനാൽ |

| | | |
|---|---|---|
| | | തന്നെ ഈ രണ്ട് വിഭാഗങ്ങളെയും വേർതിരിച്ചറിയുന്നതിനും രണ്ട് കൂട്ടർക്കും അവരവർക്ക് ആവശ്യമായ നിയമ പരിരക്ഷ നൽകുന്നതിനും ജുവനൈൽ വെൽഫെയർ ഓഫീസർമാരെ പ്രാപ്തരാക്കുന്നതിനായുള്ള ബോധവൽക്കരണം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. കുട്ടികൾക്ക് നൽകിവരുന്ന നിയമസഹായം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലാണ് അഭിഭാഷകരെ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>സർക്കാർ മന്ദിരങ്ങളിൽ താമസിക്കുന്ന നിയമസഹായം ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യമായി നിയമ സഹായം നൽകുക എന്നതാണ് ഗവ: ചിൽഡ്രൻസ് ഹോമുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) | ഏത് തരത്തിലുള്ള കുട്ടികൾക്കാണ് നിയമസഹായം നൽകുന്നത് ; | 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് അനുസരിച്ചുള്ള കുട്ടികൾക്കും നിയമ സഹായം ആവശ്യമുള്ള കുട്ടികൾക്കുമാണ് നിയമ സഹായം നൽകുന്നത്. |
| (ഡി) | എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത് ; വിശദമാക്കാമോ ? | അഭിഭാഷകരുടെ പാനൽ മുഖേന കുട്ടികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | ജുവനൈൽ വെൽഫെയർ ഓഫീസർ മാർക്കും അഭിഭാഷകർക്കുമായുള്ള പരിശീലന പദ്ധതി കോഴിക്കോട്, പാലക്കാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.